പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2195 27-10-2026-ൽ മറുപടിയ്ക്ക്

കോഴിക്കോട് ജില്ലയിൽ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൊലീസ് സ്റ്റേഷനുകളുടെ വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

മറുപടി: കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

നിയോജക മണ്ഡലം	പോലീസ് സ്റ്റേഷൻ
പേരാമ്പ്ര	മേപ്പയ്യൂർ
കുന്നമംഗലം	പന്തീരാങ്കാവ്
കോഴിക്കോട് നോർത്ത്	വെള്ളയിൽ

(ബി) പ്രസ്തുത പൊലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കൊയിലാണ്ടി താലൂക്കിൽ കൊഴുക്കല്ലൂർ വില്ലേജിൽ മരക്കോട് ദേശത്ത് ഭൂമി ഏറ്റെടുത്തിട്ടുള്ളതും ടി ഭൂമി സംബന്ധിച്ച് വില്ലേജ് രേഖകളിലെ മാറ്റത്തിനായി ലാന്റ് ട്രാൻസ്ഫർ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾക്കുമായി കൊയിലാണ്ടി തഹസിൽദാർ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത് കോഴിക്കോട് താലൂക്ക് പന്തീരാങ്കാവ് വില്ലേജ്, കൊടൽ ദേശം റീ. സർവ്വേ നമ്പർ 135/3 ഉൾപ്പെട്ട 25 സെന്റ് സ്ഥലത്താണ്. റിവൈസ്ഡ് ആർക്കിടെക്ചറൽ ഡ്രോയിംഗ്സും, റിവൈസ്ഡ് എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതിക്കായി സംസ്ഥാന പോലീസ് മേധാവി അപേക്ഷ സമർപ്പിക്കുന്നതാണ്. പ്രസ്തുത സ്ഥലത്ത് മണ്ണ് പരിശോധന നടത്താൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 2,97,989/- രൂപ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

വെള്ളയിൽ പോലീസ് സ്റ്റേഷന്റെ സ്വന്തം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2018-19 സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഭരണാനുമതി നൽകിയിട്ടുള്ളതും, പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നതുമാണ്. നിലവിൽ ടി കെട്ടിടത്തിന്റെ 90% പ്രവർത്തി പൂർത്തിയായിട്ടുണ്ട്.

(സി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ടെന്നും മറ്റുള്ളവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> ബേപ്പൂർ നിയോജകമണ്ഡലത്തിലെ എല്ലാ പോലീസ് സ്റ്റേഷനും ഭിന്നശേഷി സൗഹൃദമാക്കിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ